**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 290** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഹോട്ടലുകളിലെ ഭക്ഷ്യഎണ്ണ ആവർത്തിച്ച് ഉപയോഗിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യപദാർത്ഥങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന ഭക്ഷ്യ എണ്ണ ഉപയോഗ ശേഷം അടുത്ത ദിവസങ്ങളിൽ പുനഃരുപയോഗിച്ചു വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്യാൻസർ പോലെ ഗുരുതര ആരോഗ്യപ്രശ്നം ഉണ്ടാക്കുന്ന ഇത്തരം ഭക്ഷ്യ എണ്ണകൾ പിടിച്ചെടുക്കാൻ വേണ്ടി ഭക്ഷ്യസുരക്ഷാ വിഭാഗം എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ; | (എ) | സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യപദാർത്ഥങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന ഭക്ഷ്യ എണ്ണ ഉപയോഗ ശേഷം അടുത്ത ദിവസങ്ങളിൽ പുനഃരുപയോഗിച്ചു വരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനും എണ്ണയുടെ വീണ്ടും വീണ്ടുമുള്ള ഉപയോഗം നിയന്ത്രിക്കണം എന്ന ലക്ഷ്യത്തോടെയും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി (FSSAI) യുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് **RUCO (Repurpose Used Cooking Oil). FSSAI** അംഗീകാരമുള്ള **Bio Diesel Manufacturers** വഴി **used oil collection aggregators** ന്റെ സഹായത്തോടെ ഉപയോഗിച്ച എണ്ണ നിശ്ചിത പണം നൽകി **FSSAI** അംഗീകൃത **aggregators** തിരികെ ശേഖരിക്കുന്നതാണ് പദ്ധതി. ഇപ്രകാരം ശേഖരിയ്ക്കുന്ന എണ്ണ ബയോ ഡീസൽ നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി **2022** ഏപ്രിൽ മുതൽ നാളിതുവരെ ആകെ **495** ഭക്ഷ്യ സംരംഭകരിൽ നിന്നായി **163712** ലിറ്റർ ഉപയോഗിച്ച എണ്ണ ശേഖരിയ്ക്കുകയുണ്ടായി. ഇത്തരം അനാരോഗ്യകരമായ പ്രവർത്തനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശവും, ബോധവൽക്കരണവും നടത്തി വരുന്നുണ്ട്. |
| (ബി) | ഒന്നിൽ കൂടുതൽ ദിവസങ്ങളിൽ ഹോട്ടലുകളിൽ ഭക്ഷ്യഎണ്ണ ഉപയോഗിക്കുന്നത് മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ